നഷ്ടം സംഭവിക്കുമ്പോൾ, കൈത്തറി മേഖലകളിൽ തറി, ഉപകരണങ്ങൾക്കു ണ്ടാകുന്ന നാശനഷ്ടങ്ങൾ തുടങ്ങിയവയ്ക്കും സഹായം നൽകാൻ വ്യവസ്ഥ യുണ്ട്.

(ഡി) വീടുകൾക്കുണ്ടായ നാശത്തിനും കൃഷി നാശത്തിനും ആയി 30.65 കോടി രൂപയുടെ നഷ്ടമുണ്ടായതായി പ്രാഥമികമായി കണക്കാക്കുന്നു. കേന്ദ്ര സഹായം ആവശ്യപ്പെട്ടിട്ടില്ല.

(ഇ) 414 ദുരിതാശ്വാസ കേന്ദ്രങ്ങൾ പ്രവർത്തിച്ചിരുന്നു. ഇവിടെ 14,300 കുടുംബങ്ങളെ പാർപ്പിച്ചിരുന്നു. ഇപ്പോൾ 4 എണ്ണം നിലവിലുണ്ട്. 54 കുടുംബങ്ങൾ ഇപ്പോഴും ക്യാമ്പുകളിൽ കഴിയുന്നു.

27 (*147) റീസർവ്വേയുടെ പ്രവർത്തന പുരോഗതി

പ്രൊഫ. എ.വി. താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ റീസർവ്വെയുടെ പ്രവർത്തന പുരോഗതി വിശദ മാക്കുമോ;

(ബി) റീസർവ്വെ സംബന്ധിച്ച് പരാതികൾ പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ;

(സി) പലയിടങ്ങളിലും റീസർവ്വെ പൂർത്തിയാക്കാത്തതിനാൽ വസ്തുക്കളുടെ പോക്കുവരവ് സംബന്ധിച്ച് അനുഭവപ്പെടുന്ന ബുദ്ധിമുട്ടുകൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഇത് പരിഹരിക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുമോ;

(ഇ) റീസർവ്വെ ജോലികൾ ത്വരിതപ്പെടുത്തുന്നതിനും കുറ്റമറ്റതാക്കു ന്നതിനും ആധുനിക സാങ്കേതികവിദ്യകൾ ഉപയോഗപ്പെടുത്താൻ ഉദ്ദേശിക്കു ന്നുണ്ടോ;

(എഫ്) എങ്കിൽ വിശദാംശം വെളിപ്പെടുത്താമോ?

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ.ഇ. ഇസ്മയിൽ):

(എ) സംസ്ഥാനത്ത് 31.3.1999 വരെ 790 വില്ലേജുകളുടെ റീസർവ്വെ പൂർത്തിയാക്കുകയും, അതിൽ 653 വില്ലേജുകളുടെ റിക്കാർഡുകൾ അന്തിമമാ ക്കുകയും ചെയ്തിട്ടുണ്ട്. ഇതിൽ 652 വില്ലേജ് റിക്കാർഡുകൾ റവന്യൂ ഭരണ ത്തിന് കൈമാറിയിട്ടുണ്ട്. ആകെ 22,948 ച.കി.മീറ്ററിന്റെ റീസർവ്വെ പൂർത്തിയാ ക്കിയിട്ടുണ്ട്.

(ബി) റീസർവ്വെ റിക്കാർഡുകൾ നടപ്പിലാക്കിയ വില്ലേജുകളിൽ പരാ തികൾ തീർപ്പാക്കുന്നതിന് തുടർച്ചയായി ഒരു മാസം സർവ്വെ റിക്കാർഡുകൾ വസ്തു ഉടമസ്ഥൻമാരെ കാണിച്ച് ആക്ഷേപങ്ങൾ സ്വീകരിച്ച് അവ പരിഹരി ക്കാൻ നടപടികളെടുത്തിട്ടുണ്ട്. ഇങ്ങനെ തുടർച്ചയായി സർവ്വെ അദാലത്ത് നടത്തിയ വില്ലേജുകളിൽ യഥാസമയം പരാതികൾ ഉന്നയിക്കാൻ കഴിയാത്ത വർക്കുവേണ്ടി തുടർച്ചയായി എല്ലാ മാസവും ആദ്യത്തെ തിങ്കളാഴ്ച പരാതി കൾ സ്വീകരിച്ച് അവ തീർപ്പാക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. തുടർച്ചയായി മൂന്നുമാസം പരാതികളൊന്നും ലഭിക്കാതാകുന്നതുവരെ എല്ലാ മാസവും ആദ്യത്തെ തിങ്കളാഴ്ച നടത്തുന്ന ഈ അദാലത്ത് ബന്ധപ്പെട്ട വില്ലേ ജുകളിൽ തുടരുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) ഉണ്ട്.

(ഡി) സ്വീകരിക്കുന്നതാണ്.

(ഇ) ഉണ്ട്.

(എഫ്) ടോട്ടൽ സ്റ്റേഷൻ എന്ന ഇലക്ട്രോണിക് ഉപകരണം ഉപയോഗിച്ച് അളവുകൾ നടത്തുന്നതിനും കമ്പ്യൂട്ടറുകൾ, പ്ലോട്ടർ, പ്രിന്റർ തുടങ്ങിയവ ഉപയോഗിച്ച് മാപ്പുകളും മറ്റുരേഖകളും തയ്യാറാക്കുന്നതിനുള്ള ഒരു പദ്ധതി സർക്കാർ ആവിഷ്ക്കരിച്ചിട്ടുണ്ട്. ഇതിനാവശ്യമായ ഇലക്ട്രോണിക് ഉപകരണങ്ങൾ കമ്പ്യൂട്ടറികൾ എന്നിവ തൃശ്ശൂർ ജില്ലയിൽ സ്ഥാപിച്ച് ഒരു വില്ലേജിന്റെ റീസർവ്വെ നടത്തുന്നുണ്ട്. കൂടാതെ അഞ്ച് ജില്ലകളിൽകൂടി ആവശ്യമായ ആധുനിക ഉപകരണങ്ങൾ വാങ്ങുന്നതിനുള്ള നടപടികൾ നടന്നുവരുന്നു.

28 (*148) പീഡിത ടെക്സ്റ്റയിൽ വ്യവസായത്തിന്റെ പുനരുദ്ധാരണം

ശ്രീ. കെ.പി. വിശ്വനാഥൻ :

ശ്രീ. കെ. സുധാകരൻ :

പ്രൊഫ. സാവിത്രി ലക്ഷ്മണൻ :

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പൊതുമേഖലയിലെ പീഡിത ടെക്സ്റ്റയിൽ വ്യവസായങ്ങളുടെ പുനരുദ്ധാരണത്തിനു വേണ്ടി എന്തെങ്കിലും പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ;

(ബി) എങ്കിൽ പദ്ധതിയുടെ വിശദാംശം വെളിപ്പെടുത്തുമോ;

(സി) ഈ പദ്ധതിക്കു വേണ്ടിവരുന്ന മുതൽമുടക്ക് ഏതുവിധത്തിലായിരിക്കണമെന്ന് നിശ്ചയിച്ചിട്ടുണ്ടോ;

(ഡി) ടെക്സ്റ്റയിൽ മേഖല നവീകരണത്തിന് കേന്ദ്രഗവൺമെന്റ് ആവിഷ്ക്കരിച്ചിട്ടുള്ള 2500 കോടി രൂപയുടെ പദ്ധതിയിൽ നിന്നും സംസ്ഥാന ടെക്സ്റ്റയിൽ മേഖലയ്ക്ക് അർഹമായ വിഹിതം നേടിയെടുക്കുന്നതിനെക്കുറിച്ച് ആലോചിച്ചിട്ടുണ്ടോ;

(ഇ) കേന്ദ്ര പദ്ധതിയുമായി ബന്ധപ്പെടുത്തി ഈ പദ്ധതി വിപുലമായ രീതിയിൽ നടപ്പാക്കാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ടോ;

(എഫ്) നവീകരണ പ്രവർത്തനത്തിനാവശ്യമായ ഗവേഷണ പഠനങ്ങൾക്ക് എന്തെങ്കിലും സംവിധാനം ഉദ്ദേശിക്കുന്നുണ്ടോ;

(ജി) ലോകമാർക്കറ്റിൽ പിടിച്ചുനിൽക്കാൻ തക്ക നിലവാരമുള്ള ഉൽപ്പന്നങ്ങൾ നവീകരണ പ്രക്രിയ വഴി കൂടുതലായി നിർമ്മിക്കാൻ ലക്ഷ്യം ഇട്ടിട്ടുണ്ടോ?

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി സുശീലാ ഗോപാലൻ):

(എ) സംസ്ഥാന ഗവൺമെന്റിന്റെ കീഴിലുള്ള പൊതുമേഖലയിലെയും സഹകരണ മേഖലയിലെയും എല്ലാ തുണിമില്ലുകളുടെയും സമഗ്ര നവീകരണത്തിനും മറ്റ് അത്യന്താപേക്ഷിതമായ മൂലധന ക്രമീകരണത്തിനു

LIBRARY ARCHIVES Kerala Legislative Assembly